പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2509 — 18.02.2016-ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസകേന്ദ്രം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.കെ.ടി.ജലീൽ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസ കേന്ദ്രങ്ങൾ നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ നിർമ്മിച്ച നൽകിയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ കേന്ദ്രത്തിനും ചെലവായ തുക എത്ര; | (എ) ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന-ഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇത് രാത്രികാല വാസ കേന്ദ്രം (നൈറ്റ് ഷെൽറ്റർ) അല്ല.<br>**അപ്ന-ഘർ പദ്ധതി**<br>മതിയായ താമസ സൗകര്യങ്ങളുടെ അഭാവത്തിൽ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ അനാരോഗ്യകരവും വൃത്തിഹീനവും, സുരക്ഷിതത്വമില്ലാത്ത സ്ഥലങ്ങളിലാണ് വസിക്കുന്നത്. ഇതിന് പരിഹാരമായിട്ടാണ് അപ്ന-ഘർ പദ്ധതി. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര IITP, കഞ്ചിക്കോട്-ൽ (കിൻഫ്രയിൽ നിന്ന് സ്ഥലം ലീസിന് എടുത്ത്) 42,000 Sqft വിസ്തീർണ്ണമുള്ള ഗ്രൗണ്ട്+3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോട് കൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിനു വിട്ട് നൽകുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രഖ്യാപനം നടത്തിയത് ഏത് ബഡ്ജറ്റിലാണ്; പദ്ധതി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2012-13-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത്. അതേ വർഷം തന്നെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അപ്ന-ഘർ പദ്ധതിക്ക് വേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയും അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2.5 കോടി രൂപ 31 ജനുവരി 2014-ലും 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടി രൂപ 26 സെപ്റ്റംബർ 2015-ലുമാണ് ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് നൽകിയത്. നിലവിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് ഈ പദ്ധതി നടന്നു വരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി താമസ സൗകര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ, ട്രഷറിയിൽ നിന്നും പിൻവലിക്കാതെയുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ? | (സി) | ലഭിച്ച 5.5 കോടി രൂപയിൽ നാളിതുവരെ 3 കോടി രൂപ ചിലവായിട്ടുള്ളതും ബാക്കി തുക 2.5 കോടി രൂപ ഇപ്പോൾ ട്രഷറിയിൽ നിലനില്ക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ